**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യപൊതുവിതരണവകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ മുഖാന്തിരമാക്കിക്കൊണ്ട് 2017-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരമാക്കികൊണ്ട് 2017-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി Human Resource Management (HRM) Software രൂപീകരിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിരുന്നു. ചട്ടപ്രകാരം ടെൻഡർ accept ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരമാക്കികൊണ്ട് 2017-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി Human Resource Management (HRM) Software രൂപീകരിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിരുന്നു. ചട്ടപ്രകാരം ടെൻഡർ accept ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 05.06.2024ലെ സ.ഉ.(കൈ) നം.5/2024/F&CS നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ 31.07.2024ൽ CCS/458/2024-B1 നമ്പർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവും, നടപടിക്രമവും **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ഡി) | സപ്ലൈകോയിൽ ജോലിചെയ്യുന്ന സ്ഥിര ജീവനക്കാർക്കും അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും ഓൺലൈൻ | (ഡി) | ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിനു മുന്നോടിയായി സപ്ലൈകോയിൽ ERP നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ |

| | | | |
|---|---|---|---|
| | ട്രാൻസ്ഫർ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | HRMS(Human Resoruce Management System) സോഫ്റ്റ്‌വെയർ implement ചെയ്യുന്ന നടപടികൾ പുരോഗമിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണം ഉപഭോക്തൃകാര്യ വകുപ്പ് - ജീവനക്കാര്യം - പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യപൊതുവിതരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/F&CS തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-

1. 25.02.2017 ലെ സ.ഉ(പി)നമ്പർ 3/2017/ഉഭപവ നമ്പർ ഉത്തരവ്
2. ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 49/2024 നമ്പർ കേസിൻമേലുള്ള 7/3/2024 ലെ ഉത്തരവ്
3. പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ 28.01.2022 തീയതിയിലെ എ.1/28071/21 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിലാക്കായി കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് അസ്സോസിയേഷൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 49/2024 നമ്പരായി കേസ് ഫയൽ ചെയ്യുകയും, പരാമർശം (2) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും 31/5/2024 നകം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് വേണ്ട നടപടി പൂർത്തിയാക്കണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവാകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ പരാമർശം (3) ലെ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരാമർശം (1) ഉത്തരവിലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പൊതുമാനദണ്ഡങ്ങളുടെയും, പരാമർശം (2) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിലേയ്ക്കായി

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
2 .പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
4. റേഷനിംഗ് കൺട്രോളർ, പൊതുവിതരണ വകുപ്പ്,
5. എല്ലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
6. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
7. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
8. ഡയറക്ടർ, പബ്ലിക്ക് ഇൻഫർമേഷൻ വകുപ്പ് ( പ്രസിദ്ധീകരണത്തിനായി)
9. സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ
10. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
11. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ ആർ 14) വകുപ്പ്
12. ബഹു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി എസ് ന്
13. ജനറൽ സെക്രട്ടറി, കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് അസ്സോസിയേഷൻ
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്- ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം
Signed by
Suresh A E
Date: 05-06-2024 16:39:47
സെക്ഷൻ ഓഫീസർ

**<u>പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റംഓൺലൈൻ ആയി നടത്തുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നു.</u>**

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാർക്കുള്ള പൊതുസ്ഥലംമാറ്റം വകുപ്പ് സജ്ജമാക്കുന്ന HRM Software മുഖേന നടപ്പാക്കേണ്ടതാണ്. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പ്രസ്തുത Software മുഖേന online ആയി മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

2. അപേക്ഷകൾ അതത് വർഷം ഫെബ്രുവരി 28-വരെ online ആയി സ്വീകരിക്കേണ്ടതാണ്.

3. എല്ലാ വർഷവും ഏപ്രിൽ 30-ന് മുൻപ് പൊതുസ്ഥലംമാറ്റ നടപടികൾപൂർത്തിയാക്കേണ്ടതാണ്.

4. പുറത്തെ സ്റ്റേഷനിൽ 3 വർഷ കാലാവധി പൂർത്തിയാക്കിയ അവകാശപ്പെട്ട ആൾക്ക് മാറ്റം നൽകുന്നതിന് ആവശ്യമുള്ളപക്ഷമോ നിലവിലുള്ള ജീവനക്കാരന്റെ സ്ഥലംമാറ്റം പൊതുതാത്പര്യാർത്ഥം ആവശ്യമായിവരുന്നപക്ഷമോ അല്ലാതെ ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ഒരു ജീവനക്കാരനെയും അച്ചടക്ക നടപടി/വിജിലൻസ് അന്വേഷണം, അനുകമ്പാർഹമായ കാരണങ്ങളാൽ, ഒഴിവില്ലാത്തകാരണങ്ങളാൽ സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലംമാറ്റപ്പെട്ടവർ എന്നിവയിൽ ഉൾപ്പെടാത്തവരെ സ്ഥലംമാറ്റുന്നതല്ല. ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ മാത്രം ഒരാളെ സ്ഥലംമാറ്റുന്നതല്ല. എന്നാൽ മറ്റൊരു സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഇവരെ സ്ഥലംമാറ്റുന്നതാണ്. (3 വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല. അദ്ദേഹത്തെ/അവരെ അതേ സ്റ്റേഷനുള്ളിലെ/ ഓഫീസിനുള്ളിലെ/സെക്ഷനുള്ളിലെ മറ്റു സീറ്റുകളിലേക്ക്/സെക്ഷനുകളിലേക്ക് സ്ഥലംമാറ്റുന്നതാണ്.

5. സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റം ഉണ്ടായിരിക്കുന്നതല്ല. ( 12 ക്ലർക്ക് തസ്തികകൾ).

6. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അത്തരത്തിൽ തസ്തികകൾ നിലവിലുള്ള സ്റ്റേഷനുകളിൽ മാത്രമേ സ്ഥലംമാറ്റം അനുവദിക്കുകയുള്ളൂ.

7. സീനിയർ സൂപ്രണ്ട്/താലൂക്ക് സപ്ലൈ ഓഫീസർ/സമാന തസ്തികകളിലെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങളിൽ പരാമർശിക്കുന്ന അനുകമ്പാർഹമായ കാരണങ്ങളാലും മുൻഗണന/പ്രത്യേക മുൻഗണന പ്രകാരവും സംസ്ഥാനതലത്തിൽ സ്ഥലംമാറ്റം നൽകുന്നതിനുള്ള അർഹതയും മുൻഗണനയും മാനദണ്ഡപ്രകാരം നിശ്ചയിക്കുന്നതിനുള്ള അധികാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറിലും നോൺഗസറ്റഡ് തസ്തികകളിൽ ആയത് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിലും നിക്ഷിപ്തമായിരിക്കും.

8. നോൺഗസറ്റഡ് ജീവനക്കാരുടെ നിയമനാധികാരി നിലവിലുള്ള ഉത്തരവുകൾ പ്രകാരം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണ്. റേഷനിംഗ് ഇൻസ്പെക്ടർവരെയുള്ള നോൺ ഗസറ്റഡ് ജീവനക്കാരെ ജില്ലയ്ക്ക് allot ചെയ്യുന്നതിനുള്ള അധികാരം സീനിയർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ഒരുജില്ലയ്ക്കകത്തുള്ള റേഷനിംഗ് ഇൻ സ്പെക്ടർ വരെയുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം ജില്ലാ സപ്ലൈ ഓഫീസർമാർ നടത്തേണ്ടതാണ്. നിലവിൽ തുടർന്നു വരുന്നതുപോലെ അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ/സമാന തസ്തികയിലെ ജീവനക്കാരെ അതാത് ഓഫീസുകളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിയമിക്കുന്നതാണ്.

9. പൊതുസ്ഥലംമാറ്റത്തിനായി ഈ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി എല്ലാ വർഷവും മുൻഗണനാ പട്ടിക(Queue List) തയ്യാറാക്കേണ്ടതാണ്. മുൻഗണനാ പട്ടികയുടെ draft തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും, അതിന്മേലുള്ള പരാതികളിന്മേൽ Appellate Committee തീരുമാനം എടുക്കേണ്ടതുമാണ്. Appellate Committee യുടെഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| നോൺഗസറ്റഡ് തസ്തികകൾ | - പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണർ & റേഷനിംഗ്കൺട്രോളർ |
| സീനിയർസൂപ്രണ്ട്/സമാന തസ്തികകൾ | - പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & റേഷനിംഗ്കൺട്രോളർ |

10. <u>സ്റ്റേഷൻ</u>

i. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രത്യേകത കണക്കിലെടുത്ത് Primary Station ജില്ലകളായിരിക്കും.

ii. Secondary Station ജില്ലയിലെ വിവിധ ഓഫീസുകൾ ആയിരിക്കും.

iii. ഒരു ജീവനക്കാരന് 3 ജില്ലകളും അതിനോടനുബന്ധിച്ച് 9 Office കളും ഓപ്റ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാകും.

iv. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റ്/ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ, ഡെപ്യൂട്ടിറേഷനിംഗ് കൺട്രോളറുടെ ഓഫീസുകൾ എന്നിവ പ്രത്യേക സ്റ്റേഷൻ ആയി ഓപ്റ്റ് ചെയ്യാവുന്നതാണ്. ഇവിടുത്തെ നിയമനം നിലവിലുള്ളതുപോലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നേരിട്ട് നടത്തുന്നതാണ്.

v. റേഷനിംഗ് ഇൻസ്പെക്ടർമാരെ ഒരു വർഷം കഴിയുമ്പോൾ ഫർക്ക മാറ്റി നിയമിക്കുന്ന നിലവിലെ രീതി തുടരും. ഇപ്രകാരം ഫർക്ക മാറ്റി നിയമിക്കുന്നത് അതാത് താലൂക്കുകളിൽ പരിമിതപ്പെടുത്തണം. ഒരു ഫർക്കയിൽ ഒരു വർഷം പൂർത്തിയാക്കിയ റേഷനിംഗ് ഇൻസ്പെക്ടറെ സ്ഥലംമാറ്റുന്നതിന് ആ താലൂക്കിൽ തന്നെ മറ്റൊരു ഫർക്കയിൽ ഒരു വർഷം പൂർത്തിയാക്കിയ റേഷനിംഗ് ഇൻസ്പെക്ടർമാർ ഇല്ലെങ്കിൽ ഏറ്റവും കൂടുതൽ കാലം ഒരു ഫർക്കയിൽ ജോലിനോക്കിയ ആളെ മാറ്റി നിയമിക്കുന്നതാണ്.

11. <u>അന്യത്ര സേവനം</u>

03/07/2018-ലെ സ.ഉ. (കൈ) നം. 26/2018/ഭ.പൊ.വി.വ. വകുപ്പിൽ നിന്നും സപ്ലൈകോയിലേക്കുള്ള അന്യത്രസേവനം സംബന്ധിച്ച് ഉത്തരവായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾചുവടെ പറയും പ്രകാരമാണ്.

- ഡെപ്യൂട്ടേഷന്റെ ആദ്യത്തെയും രണ്ടാമത്തെയും പരമാവധി കാലയളവ് ഓരോതവണയും 5 വർഷം വീതം ആയിരിക്കും.
- ഡെപ്യൂട്ടേഷന്റെ മൂന്നാമത്തെതവണത്തെ കാലയളവ് പരമാവധി 4 വർഷമോ അല്ലെങ്കിൽ 55 വയസ്സ് ഏതാണോ ആദ്യം വരുന്നത് അതുവരെയായിരിക്കും.
- നാലാമത്തെ തവണത്തെ കാലയളവ് പരമാവധി 2വർഷമോ അല്ലെങ്കിൽ 55 വയസ്സ് ഏതാണോ ആദ്യം വരുന്നത് അതുവരെയായിരിക്കും.
- ജില്ലാ സപ്ലൈ ഓഫീസർ തസ്തികയിൽഉള്ള ജീവനക്കാർക്ക് 55 വയസ്സ് എന്ന നിബന്ധന ബാധകമായിരിക്കുന്നതല്ല.

1. അന്യത്രസേവനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരെ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ പൊതുസ്ഥംമാറ്റത്തിന് പരിഗണിക്കുന്നതല്ല.
2. അന്യത്രസേവന കാലാവധിയുടെ അവസാന വർഷം (മറ്റ്അച്ചടക്ക നടപടി, വിജിലൻസ് അന്വേഷണം തുടങ്ങിയ കാരണങ്ങൾ ഒന്നും നിലവിലില്ലെങ്കിൽ) ഈ മാനദണ്ഡങ്ങൾ പ്രകാരം പൊതുസ്ഥലംമാറ്റത്തിന് online ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
3. സപ്ലൈകോയിലെ നിർബന്ധിത അന്യത്രസേവനം പൂർത്തിയാക്കി വരുന്ന ജീവനക്കാർ ആവശ്യപ്പെട്ടിട്ടുള്ള ജില്ലകളിൽ ഒഴിവില്ലാത്തതിനാൽ അവിടെ നിയമനം നൽകാൻ കഴിയാതെ വരികയും തുടർന്ന് ഒഴിവുള്ള ജില്ലിയിൽ നിയമനം നൽകുകയും ചെയ്ത ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷയ്ക്ക് മുൻഗണന നൽകുന്നതാണ്.
4. സപ്ലൈകോയിൽ അന്യത്ര സേവനത്തിൽ വിവിധ ഓഫീസുകളിൽ (Head Office, RM Office, Depot, outlet etc.) ജോലിനോക്കിയശേഷം വകുപ്പിൽ തിരികെ വരുന്ന ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ പരുഗണിക്കുമ്പോൾ outlet/NFSA-ൽ ജോലി ചെയ്തവർക്ക് മുൻഗണന നൽകുന്നതാണ്.
5. സപ്ലൈകോയിൽ അന്യത്രസേവനം കഴിഞ്ഞു വരുന്ന ജീവനക്കാരുടെ സ്ഥലംമാറ്റം അപേക്ഷയിൽ നിർബന്ധിത അന്യത്രസേവനം പൂർത്തിയാക്കി വരുന്ന ജീവനക്കാരുടെ അപേക്ഷകൾ പരുഗണിച്ചതിനു ശേഷമേ സ്വമേധയാ അന്യത്രസേവനം കഴിഞ്ഞു വരുന്നവരുടെ അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

## 12. അനുകമ്പാർഹമായകാരണങ്ങൾ

i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക തുടങ്ങിയ

അവയവദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടംമൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായം ആവശ്യമായി വരികയും ചെയ്യുക.

ii. വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുക.

iii. ജീവനക്കാരന്റെ ഭാര്യക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായരോഗംപിടിപ്പെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ, മകൾക്കോ, മാതാവിനോ, പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തുമ്പോൾ.

iv. ഗർഭിണിയായ ജീവനക്കാരി/മുലയൂട്ടുന്ന അമ്മമാർ (കുട്ടിജനിച്ച് 2 വർഷംവരെ)/വിവാഹമോചിതരായ (സിംഗിൾ പാരന്റ് ആയിട്ടുള്ള/ വനിതകൾ/വിധവകളായ(സിംഗിൾ പാരന്റ് ആയിട്ടുള്ള) വനിതകൾ.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം പുന:പരിശോധിക്കേണ്ടതാണ്.

13. <u>മുൻഗണനാക്രമം</u>

i. മറ്റ് കാര്യങ്ങളെല്ലാം തുല്യമാകുമ്പോൾ ഒരു സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനുവേണ്ടി അപേക്ഷിക്കുന്ന വ്യക്തികളിൽ നിലവിലെ തസ്തികയിൽ കൂടുതൽ സർവ്വീസ് സീനിയോറിറ്റി ഉള്ള വ്യക്തിക്ക് മുൻഗണന നൽകേണ്ടതാണ്. ഇതിന് ഒരുകേഡറിലെ outstation seniority മൊത്തമായി കണക്കാക്കുന്നതാണ്.

ii. കാസർഗോഡ്, വയനാട് എന്നീ ജില്ലകൾ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി താലൂക്ക്, തൊടുപുഴ താലൂക്ക് ഒഴികെയുള്ള ഇടുക്കി ജില്ലയിലെ താലൂക്കുകൾ എന്നീപ്രദേശങ്ങളിലുള്ള ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്ന പക്ഷം, പ്രസ്തുത പ്രദേശത്ത് നിലവിലെ തസ്തികയിൽ കുറഞ്ഞത് രണ്ട് വർഷത്തെ സ്റ്റേഷൻ സീനിയോറിറ്റിയുണ്ടെങ്കിൽ ഒരുവർഷം അധികമായി സ്റ്റേഷൻ സീനിയോറിറ്റിയിൽ വെയ്റ്റേജ് അനുവദിക്കുന്നതാണ്. പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയും ഒരു ഓഫീസിൽ മൂന്ന് വർഷം തികഞ്ഞ കാരണത്താൽ നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയരാക്കപ്പെടുകയും ചെയ്യുന്ന ജീവനക്കാർക്ക് ടി വെയ്റ്റേജ് കണക്കാക്കുന്നതല്ല.

iii. പ്രസവാവധി, കുട്ടിയെ ദത്തെടുത്തതിനുള്ള അവധി എന്നിവയ്ക്ക് ശേഷം മടങ്ങി വന്ന് ഒരുവർഷക്കാലത്തിനുള്ളിൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന വനിതാ ജീവനക്കാർക്ക് നിശ്ചിത ശതമാന പരിധിയിൽ മുൻഗണന നൽകേണ്ടതാണ്.

iv. സർവ്വീസിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാരിൽ ആദ്യം വിരമിക്കുന്നവർക്ക് മുൻഗണന നൽകികൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിശ്ചിതപരിധിയ്ക്ക് വിധേയമായി കഴിവതും നിയമിക്കേണ്ടതാണ്.

v. ഭാര്യയ്ക്കും ഭർത്താവിനും ഒരേ സ്റ്റേഷനിൽ തന്നെ ജോലി ചെയ്യുന്നതിന് സുഗമമാക്കുന്ന

സ്ഥലംമാറ്റം കഴിയുന്നിടത്തോളം അനുവദിക്കുന്നതാണ്.

- ഒരു ജില്ലയിൽ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്ന പരിരക്ഷിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും മൊത്തം ശതമാനം അതത് ജില്ലകളിലെ ആകെ സ്ഥലംമാറ്റത്തിന്റെ പരാമാവധി 25% ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

14. <u>പ്രത്യേക മുൻഗണന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.</u>

**<u>പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ)(Vide G.O. (P) No. 3/2017/P&ARD Dated 25/02/2017)</u>**

i. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ

ii. അന്ധരായ ഉദ്യോഗസ്ഥർ

iii. വികലാംഗരായ(60% & above) ജീവനക്കാർ

iv. മൂകരും ബാധിരരുമായ ജീവനക്കാർ

v. സെറിബ്രൽപാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ടകുഷ്ഠം അസാധാരണമായപൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയരായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral pasly, cured leprosy, dwarfism, acid attack victim, muscular dystrophy).

vi. മാനസിക പ്രശ്നമുള്ളവർ (mental disability).

vii. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ.

viii. ഓട്ടിസം/ സെറിബ്രൽപാൾസി ബാധിച്ചകുട്ടികളുടെ മാതാപിതാക്കൾ.

ix. 50% നുമുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ.

x. ബാധിരരും മൂകരുമായകുട്ടികളുടെ മാതാപിതാക്കൾ

xi. യുദ്ധത്തിൽമരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/ അമ്മ/മകൻ/മകൾ)

xii. സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ

xiii. വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്തവിവാഹമോചിതർ

xiv. മിശ്രവിവാഹിതർ

xv. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ

xvi. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി

xvii. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ

xviii. ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)

xix. അർദ്ധസൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മകൻ/മകൾ

xx. പ്രവാസി കേരളീയരുടെ ഭർത്താവ്/ ഭാര്യ

- അച്ചടക്ക നടപടി, വിജിലൻസ് അന്വേഷണം, ക്രിമിനിൽ കേസ് (in case of moral turpitude) എന്നിവയിൽ ജീവനക്കാർ ഉൾപ്പെടുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റത്തിനുള്ള ആനുകൂല്യം വകുപ്പ് മേധാവി തീരുമാനിക്കുന്നതായിരിക്കും.

- 07/11/2022- ലെ സ.ഉ.(കൈ)നം .24/2022/P&ARD ഉത്തരവിൽ പരാമർശിക്കും വിധം ഭിന്നശേഷിയുള്ള ജീവിതപങ്കാളി (spouse) യെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരെ കഴിവതും പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

- ടി ജീവനക്കാരെ 5 വർഷം കഴിഞ്ഞ് സ്ഥലംമാറ്റുന്നെങ്കിൽ കഴിവതും സമീപത്തുള്ള ഓഫീസിൽ മാറ്റി നിയമിക്കുന്നതാണ്.

- അപേക്ഷകർ തങ്ങൾക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള അനുകമ്പാർഹ/മുൻഗണന/പ്രത്യേക പരിഗണന ആവശ്യപ്പെടുന്നുണ്ടെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള അംഗീകൃത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള രോഗവിവരം രേഖപ്പെടുത്തിയ ഒരു വർഷം കാലയളവിൽ അധികരിക്കാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്/അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ (ബാധകമായത്) എന്നിവ സോഫ്റ്റ്‌വെയറിൽ അപ് ലോഡ്ചെയ്യേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ്/അർഹത തെളിയിക്കുന്ന സാക്ഷ്യപത്രം ഉൾക്കൊള്ളിക്കാത്ത അപേക്ഷകൾ അനുകമ്പാർഹ/ മുൻഗണന/പ്രത്യേക മുൻഗണന എന്നിവ നൽകുന്നതിന് പരിഗണിക്കുന്നതല്ല. അപ്ലോഡ് ചെയ്യുന്ന സാക്ഷ്യപത്രങ്ങൾ അസ്സലുമായിഒത്തുനോക്കി ആധികാരികത ബന്ധപ്പെട്ട ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

- അനുകമ്പാർഹ/പ്രത്യേക മുൻഗണന എന്നിവയുള്ള് ഉഓൺലൈനായുള് ഉഅപേക്ഷകൾ പരിശോധിച്ച് അയയ്ക്കുന്ന വേളയിൽ ബന്ധപ്പെട്ട കോളത്തിൽ ഓഫീസ് മേലാധികാരിയുടെയും ശുപാർശ/ അഭിപ്രായക്കുറിപ്പ് നിർബന്ധമായും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

## 15. ഓപ്ഷനുകൾ

(i) സ്ഥലംമാറ്റം നടപ്പാക്കുന്നത് ഓപ്ഷന്റെ അടിസ്ഥാനത്തിലാണ്. ഓരോവ്യക്തിക്കും 3 Primary Station-നുകളും 9 Secondary Station-നുകളും ഓപ്റ്റ് ചെയ്യാവുന്നതാണ്.

ഉദാഹരണത്തിന്:- ഒരാൾ ഒരു പ്രത്യേക സ്റ്റേഷനെ മൂന്നാം ഓപ്ഷനായി ഓപ്റ്റ് ചെയ്യുകയാണെങ്കിൽ അയാളെ, ആ സ്റ്റേഷനെ ഒന്നാം ഓപ്ഷനോ രണ്ടാം ഓപ്ഷനോ ആയി ഓപ്റ്റ് ചെയ്യുവരും സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അയാളേക്കാൾ ജൂനിയറായവരുമായ മറ്റാളുകളേക്കാൾ മുൻഗണനയിൽ ആ സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്. (VideG.O.(P)No.3/2017/P&ARD Dated 25/02/2017).

ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ, തുടർന്നുള്ളതോ ആയ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കിട്ടുമ്പോൾ അയാളുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഓപ്ഷൻ റദ്ദാക്കാതെ തന്നെ അടുത്ത പൊതുസ്ഥലംമാറ്റ ഉത്തരവിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിലുള്ള ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്നതാണ്.

ഹയർഓപ്ഷൻ നിർബന്ധമാണെങ്കിലും ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കിട്ടുമ്പോൾ അതിനുശേഷം ആവശ്യമാണെങ്കിൽ അയാൾക്ക് ഹയർഓപ്ഷൻ റദ്ദാക്കാവുന്നതാണ്. ഇക്കാര്യം ഉത്തരവിൽ തന്നെ വ്യക്തമാക്കേണ്ടതാണ്. അതിൻപ്രകാരം ജീവനക്കാരൻ ഓപ്ഷൻ മാറ്റിനൽകേണ്ടതാണ്. പൊതുസ്ഥലംമാറ്റം അപേക്ഷയോടൊപ്പം തന്നെ ഹോംസ്റ്റേഷൻ ഡിക്ലയർ ചെയ്യുന്നതിനും മാറ്റുന്നതിനുമുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

(ii) ഒഴിവുകളില്ലാത്ത കാരണത്താൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയാത്തതായ ജീവനക്കാർ സമർപ്പിച്ച ഓപ്ഷനുകൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ ക്രമത്തിൽ ക്രമീകരിക്കേണ്ടതും രണ്ട് പൊതുസ്ഥലംമാറ്റങ്ങൾക്കിടയിലുണ്ടാകുന്നതായ ഒഴിവുകൾ ഈ ക്യൂവിൽ നിന്നും നികത്തേണ്ടതുമാണ്.

(iii) ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ള സ്ഥലംമാറ്റങ്ങൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്. ജില്ലാതല നിയമനത്തിന്റെ സംഗതിയിൽ, ഓപ്റ്റ് ചെയ്തിട്ടുള്ള ജില്ലയിൽ അഞ്ച് വർഷത്തേയ്ക്കുള്ള നിർബന്ധിതസേവന കാലയളവ് സ്റ്റേഷൻ സീനിയോറിറ്റിയ്ക്കായി കണക്കാക്കപ്പെടുന്നതല്ല.

(iv) ഒരുപ്രത്യേക സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഏറ്റവും സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ്. ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം കിട്ടുന്നവർ അവിടെ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷക്കാലം ജോലി ചെയ്യേണ്ടതാണ്.

vi. ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ചെയ്യപ്പെട്ടവർക്കും ഒരുവർഷം പൂർത്തിയാകുമ്പോൾ സ്ഥലംമാറ്റത്തിനുവേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദികളുമില്ലാത്തതായ ഓപ്പൺ വേക്കൻസികൾക്കെതിരെ മാത്രവും അത്തരം സ്ഥലംമാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലംമാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനും ആണ് പരിഗണിക്കേണ്ടത്.

(vi) ഓപ്ഷനുകളെ അടിസ്ഥാനമാക്കിയല്ലാതുള്ള സ്ഥലംമാറ്റങ്ങൾ നിർബന്ധിത സ്ഥലംമാറ്റമായി പരിഗണിക്കുന്നതാണ്.

(vii) നിർബന്ധിതമായി സ്ഥലംമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഓപ്ഷനുകൾക്ക് മറ്റുള്ള ഉദ്യോഗസ്ഥർ സമർപ്പിച്ച ഓപ്ഷനുകളെക്കാൾ മുൻഗണന നൽകുന്നതാണ്.

(viii) ഓപ്ഷന്റെ ആവശ്യത്തിലേക്കായി, ട്രാൻസ്ഫർസ്റ്റേഷൻ സീനിയോറിറ്റി അതുസംഗതിപോലെ, സ്ഥലംമാറ്റത്തിന്റെ/സർവ്വീസിലുള്ള നിയമനത്തിന്റെ ഉത്തരവിന്റെ തീയതി മുതൽ ഉത്ഭവിക്കുന്നതാണ്. നിർബന്ധിത സ്ഥലംമാറ്റങ്ങളും നിയമനങ്ങളും സ്റ്റേഷൻ സീനിയോറിറ്റിയെ ബാധിക്കുന്നതല്ല. എവിടെനിന്നാണോ ഉദ്യോഗസ്ഥർ നിർബന്ധിതമായി സ്ഥലംമാറ്റം ചെയ്യപ്പെട്ടത് ആ സ്റ്റേഷനിൽ അദ്ദേഹം തുടരുന്നതായി കരുതപ്പെടേണ്ടതാണ്.

16. ഹയർഓപ്ഷനിലേയ്ക്ക് നിയമനം ലഭിച്ചവരുടെ ലോവർഓപ്ഷൻ പിന്നീട് പരിഗണിക്കുന്നതല്ല. പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം പരാമാവധി 2 ഹയർഓപ്ഷനുകൾ നിലനിർത്താൻ അവസരം നൽകുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ഹയർഓപ്ഷനുകൾ നിശ്ചയിച്ച് നൽകാത്ത പക്ഷം ജീവനക്കാരന്റെ ആദ്യ രണ്ട് ഓപ്ഷനുകൾ ഹയർഓപ്ഷനുകളായി പരിഗണിക്കുന്നതാണ്. ജീവനക്കാർക്ക് ഹോംസ്റ്റേഷൻ മാറ്റുന്നതിനുള്ള സൗകര്യം പൊതുസ്ഥലംമാറ്റ അപേക്ഷയോടൊപ്പം ലഭ്യമായിരിക്കുന്നതാണ്.

17. തെറ്റായ വിവരങ്ങൾ സമർപ്പിച്ച് അനർഹമായി സ്ഥലംമാറ്റം നേടിയെടുത്തതായി കണ്ടെത്തുന്ന പക്ഷം അത്തരംസ്ഥലംമാറ്റം മറ്റൊരറിയിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായിരിക്കും.

18. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷക്ഷണിക്കുന്ന സമയത്ത് ഏതു ഓഫീസിലാണോ അപേക്ഷകൻ ജോലിചെയ്യുന്നത് ആ ഓഫീസിൽ നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അതത് വർഷം മാർച്ച് 31 വരെയുള്ള കാലയളവ് ആയിരിക്കും സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കുക.

19. സ്ഥലംമാറ്റത്തിന്റെ ആവശ്യത്തിലേയ്ക്കായി, ഉത്തരവ് തീയതി അടിസ്ഥാനമാക്കിയുള്ള അർഹമായ പ്രവേശന കാലാവധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഉത്തരവ് തീയതിമുതലുള്ള സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ലഭിക്കുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി പ്രവേശനകാലം എന്നത് ഉത്തരവ് തീയതി മുതൽ പതിനഞ്ച് (15 ദിവസം) ആയിരിക്കുന്നതാണ്.

20. സ്ഥലംമാറ്റം വഴി നിയമിച്ചിട്ടുള്ള ഓഫീസിൽ പ്രവേശിച്ചതിന് ശേഷം എടുത്തിട്ടുള്ള ആകസ്മികാവധി, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അവധി, പരമാവധി 30 ദിവസംവരെയുള്ള മറ്റ് അവധികൾ എന്നിവ ഒഴികെയുള്ള അവധികൾ സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിക്ക് പരിഗണിക്കുന്നതല്ല.

21. സസ്പെൻഷൻ കാലയളവ്, അനധികൃത ഹാജരില്ലായ്മ കാലയളവ്, പഠനാവശ്യത്തിനുള്ള അവധി കാലയളവ് എന്നിവ സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി/ഇൻസ്റ്റേഷൻ സീനിയോറിറ്റിക്ക് കണക്കിലെടുക്കുന്നതല്ല. ഇത്തരം ജീവനക്കാരുടെ സ്റ്റേഷൻ സീനിയോറിറ്റി/ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ജീവനക്കാർ തിരികെ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ മാത്രം കണക്കാക്കുന്നതാണ്.

22. എല്ലാ സ്ഥലംമാറ്റ ഉത്തരവുകളുടെയും കരട് സോഫ്റ്റ്‌വെയറിലും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും ആക്ഷേപങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഫയൽ ചെയ്യുന്നതിനായി ഏറ്റവും കുറഞ്ഞത് 7 ദിവസത്തെ സമയം അനുവദിക്കുന്നതാണ്. ഇത്തരം ആക്ഷേപങ്ങൾ Appeal Committee പരിഗണിക്കുന്നതായിരിക്കും. Appeal Committee യുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നോൺഗസറ്റഡ് തസ്തികകൾ | - | പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണർ & റേഷനിംഗ്കൺട്രോളർ |
| സീനിയർസൂപ്രണ്ട്/സമാന തസ്തികകൾ | - | പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & റേഷനിംഗ്കൺട്രോളർ |

23. പരസ്പരം മാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

24. ജീവനക്കാരുടെ ബന്ധുക്കളോ ആശ്രിതരോ മറ്റാരെങ്കിലുമോ സമർപ്പിക്കുന്ന അപേക്ഷകൾ ഉടൻ തന്നെ നിരസിക്കേണ്ടതാണ്.

25. ഓപ്ഷൻ/നിർബന്ധിതം/അനുകമ്പാർഹം/പൊതുതാത്പര്യാർത്ഥം മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ കാണിച്ചിരിക്കേണ്ടതാണ്.

26. സാധുവായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനായുള്ള കരട് മുൻഗണന പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

27. Online മുഖാന്തിരം ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിഹരിച്ച് സ്ഥലംമാറ്റത്തിനുള്ള മുൻഗണനാ ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ കരട്, അന്തിമ സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമാണ്.

Office of the Commissioner of Civil Supplies & Consumer Affairs
Public Office Complex, Thiruvananthapuram-33
Phone: 0471-2320578, 2320379
Website: www.civilsupplieskerala.gov.in Email: cru.ccs@kerala.gov.in

**Proceedings of the Commissioner of Civil Supplies & Consumer Affairs**
**(Present : Dr. D. Sajith Babu IAS)**

Sub: CS&CA - Order dated 13.06.2024 in MA Nos.1141&1142 in OA-49/2024 filed by Kerala Civil Supplies Officers Association State Committee and other(s) before the Hon'ble Kerala Administrative Tribunal, Thiruvananthapuram - Reg.

Read:
1. Order of Hon'ble Kerala Administrative Tribunal, Thiruvananthapuram in OA 49/2024 dated 07.03.2024
2. Order of Hon'ble Kerala Administrative Tribunal, Thiruvananthapuram in MA Nos. 1141 & 1142 in OA 49/2024 dated 13.06.2024

**Order No. CCS/458/2024-B1 Dated.31-07-2024**

As per reference 1st cited, the Hon'ble Kerala Administrative Tribunal, Thiruvananthapuram has directed the respondents to implement online system of general transfers in the Department of Civil Supplies and Consumer Affairs before the month of May 2024. The Miscellaneous Applications filed by the Commissioner of Civil Supplies and Consumer Affairs, as per reference 2nd cited, seeking for extension of time limit stipulated for compliance of the direction contained in the order passed by Hon'ble KAT in OA No.49/2024 dated 07/03/2024 was considered by the Hon'ble Tribunal on 13/06/2024. The Hon'ble KAT has granted time till **15/08/2024** for completing the process of finalisation of online system for the general transfers in the Department, subject to the condition that the general tranfers of the year 2024 shall not be finalised without resorting to the online method.

In the above circumstances it is hereby ordered that, general transfers and postings of employees in Civil Supplies & Consumer Affairs Department from the year 2024 onwards shall be done only through online method.

Sd/-

**Commissioner of Civil Supplies & Consumer Affairs**

Advocate General, Kerala (with C/L)
CA to Commissioner of Civil Supplies & Consumer Affairs
CA to SAO/CAO/CR
Secretary & Registrar, Kerala State Consumer Dispute Redressal Commission
Additional General Manager (P&A), Supplyco, Kochi
Member Secretary, Kerala State Food Commission
Deputy Controller of Rationing (South/North)
Secretary & Chief Executive, Kerala Ration Dealers Welfare Fund
All District Supply Officers
All Taluk Supply/City Rationing Officers
All Asst. Registrars, District Consumer Dispute Redressal Commission
IT Cell (For publishing in official website)
Stock File

**//Forwarded by order//**

**Senior Administrative Officer**
**(Additional Secretary to Govt.)**

"This is an E-office document, does not require Signature in ink".